സ്റ്റേറ്റ്റിസോഴ്സ്സെന്റർ, കേരളം

എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്

# സർട്ടിഫിക്കറ്റ് ഇൻ സ്റ്റുഡന്റ് കൗൺസലിംഗ് (CISC)

**2027 ജനുവരി സെഷൻ**

## പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2027 ജനുവരി സെഷനിലെ **സർട്ടിഫിക്കറ്റ് ഇൻ സ്റ്റുഡന്റ് കൗൺസലിംഗ്** (CISC) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. സ്റ്റേറ്റ് റിസോഴ്സ് സെന്റർ പഠന കേന്ദ്രങ്ങൾ വഴി പ്രോഗ്രാമിൽ ചേർന്നു പഠിക്കാം. ആറുമാസമാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. SC001 : Stages of Human Development
2. SC002 : Students and their Problems
3. SC003 : Student Counselling Techniques
4. SCP01 : Practical

ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ ഓൺലൈൻ തിയറി ക്ലാസുകൾ, ഇന്റേൺഷിപ്പ്, പ്രാക്ടിക്കൽ എന്നിവയിലൂടെയാണ് പഠനം പുരോഗമിക്കുന്നത്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് ക്ലാസുകളിൽ 80% ഹാജർ ഉറപ്പുവരുത്തണം. പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസയോഗ്യത പ്ലസ്ടു അഥവാ തത്തുല്യമാണ്.

കോഴ്സിൽ ചേരുന്നതിനുള്ള ഫീസ് 8,000/- രൂപയാണ്. രണ്ട് തവണയായി ഫീസ് അടക്കുന്നതിന് സൗകര്യമുണ്ട്. ആദ്യ തവണത്തേക്ക് അപേക്ഷ ഫീസിനത്തിൽ 200/- രൂപ കൂടിചേർത്ത് 4,200/- രൂപയും രണ്ടാം തവണ 4,000/- രൂപയുമാണ് ആകെ പ്രോഗ്രാം ഫീസിനത്തിൽ അടയ്ക്കേണ്ടത്. https://app.srccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി മാത്രം സമർപ്പിക്കുക. അപേക്ഷയോടൊപ്പം ഫോട്ടോ, ആധാർകാർഡ്, നിശ്ചിത വിദ്യാഭ്യാസയോഗ്യതയുടെ സർട്ടിഫിക്കറ്റ് എന്നിവ മാത്രം അപ്ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഡിസംബർ 10. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464. അംഗീകൃത പഠനകേന്ദ്രങ്ങൾ വഴിയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പഠന കേന്ദ്രങ്ങളുടെ വിശദാംശങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പറുകളും ചുവടെ ചേർക്കുന്നു.

| **List of Study Centres<br>Certificate in Students Counselling (CISC)** | | |
|---|---|---|
| 1 | Alappuzha | Mar Athanasios Community College (MACC) Bethel Aramana, MC Road, Chengannur, Alappuzha-689121 Ph.No: 9961112642 |

ഡയറക്ടർ